മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 17

# വാർത്താക്കുറിപ്പ് (2)

---

## സുന്ദര സ്വപ്നം സഫലമായതിൻറെ സന്തോഷം പങ്കുവച്ച് സുരഭി

'സിനിമാ നടി എന്ന നിലയിലോ മറ്റേതെങ്കിലും മേഖലയിൽ ഉന്നത നിലയിൽ എത്തിയശേഷമോ മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഒരു പരിപാടിയുടെ വേദിയിൽ വരുന്ന കാലം ഒരിക്കൽ സ്വപ്നം കണ്ടിരുന്നു. സുന്ദരമായ ആ സ്വപ്നത്തിൻറെ സാക്ഷാത്കാരമാണിത്. അത് സർവ്വകലാശാലയുടെ സുപ്രധാന ചുവടുവയ്പ്പായ അക്കാദമിക് കാർണിവലിൻറെ വേദിയിലായതിൽ ഏറെ സന്തോഷം'

യുനോയ 2023 ഗ്ലോബൽ അക്കാദമിക് കാർണിവലിന്റെ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞതിലുള്ള സന്തോഷത്തിനൊപ്പം സർവകലാശാലാ കാമ്പസിൽ പഠിച്ച കാലത്തിന്റെ ഓർമകളും നടി സുരഭി ലക്ഷ്മി വേദിയിൽ പങ്കുവെച്ചു.

സ്കൂൾ ഓഫ് ലെറ്റേഴ്സിൽ എം.ഫിൽ കോഴ്സിനുവേണ്ടിയാണ് ആദ്യം ഇവിടെ എത്തിയത്. അക്കാലത്ത് സഹപാഠിയായിരുന്ന സംവിധായകൻ ദിലീഷ് പോത്തന്റെ വീട്ടിൽ താമസിച്ചായിരുന്നു പഠനം. ചലച്ചിത്ര രംഗത്തേക്ക് വഴിതുറന്ന സംവിധായകൻ ജയരാജ് സാറിന്റെ നാട് എന്ന നിലയ്ക്കും കോട്ടയത്തോട് പ്രത്യേക അടുപ്പമുണ്ട്. സിനിമയിൽ ഗുരുസ്ഥാനീയനായ ലാൽ ജോസ് സാറിന്റെ സാന്നിധ്യവും ഈ ചടങ്ങ് എനിക്ക് പ്രിയപ്പെട്ടതാക്കുന്നു -സുരഭി പറഞ്ഞു.

അക്കാദമിക് കാർണിവലിനോടനുബന്ധിച്ചുള്ള ചലച്ചിത്രോത്സവത്തിന്റെ ഉദ്ഘാടനം സുരഭി നിർവഹിച്ചു. ഇന്നും നാളെയും(ജനുവരി 18, 19) കോട്ടയം സി.എം.എസ് കോളജിലാണ് ചലച്ചിത്രോത്സവവും ഓപ്പൺ ഫോറവും നടക്കുക.

**ഫോട്ടോ ക്യാപ്ഷൻ:** കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ മഹാത്മാ ഗാന്ധി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവലിന്റെ ഉദ്ഘാടനച്ചടങ്ങിൽ ചലച്ചിത്രോത്സവത്തിന്റെ ഉദ്ഘാടനം നടി സുരഭി ലക്ഷ്മി നിർവഹിക്കുന്നു.

(പി.ആർ.ഒ./39/ 63/2023)

## ആരോഗ്യ മേഖലയിലെ അറിവുകളുടെ കാഴ്ചകളുമായി മെഡക്സ്

ആരോഗ്യ പരിപാലന രംഗത്തെ പ്രാഥമിക വിവരങ്ങൾ മുതൽ നൂതന സാങ്കേതിക വിദ്യകൾ വരെ പരിചയപ്പെടുത്തുന്ന മെഡിക്കൽ എക്സിബിഷൻ- മെഡക്സിൽ ആദ്യ ദിവസം തന്നെ സന്ദർശകരുടെ തിരക്ക്.

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഗ്ലോബൽ അക്കാദമിക് കാർണിവൽ -യുനോയ 2023 ന്റെ ഭാഗമായി കോട്ടയം ബസേലിയസ് കോളേജിലാണ് ഈ പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്.

സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ (സിപാസ്) കീഴിലുള്ള ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനാട്ടമി, മൈക്രോബയോളജി, എം.എൽ.ടി ,ബയോ കെമിസ്ട്രി, ഫാർമസി, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ഡോക്യുമെന്റേഷൻ തുടങ്ങിയ വിഭാഗങ്ങളിലായി പന്ത്രണ്ട് സ്റ്റാളുകളാണ് ക്രമീകരിച്ചിരിക്കുന്നത്. ജില്ലാ മെഡിക്കൽ ഓഫീസിൻറെ സഹകരണവും പ്രദർശനത്തിനുണ്ട്.

പൊതുജനങ്ങൾക്ക് ആരോഗ്യവുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനും ആരോഗ്യപരിപാലന രംഗത്ത് ഉപയോഗിക്കുന്ന ഉപകരണങ്ങൾ കണ്ടു മനസിലാക്കുന്നതിനും സ്റ്റാളുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

അംഗവൈകല്യം സംഭവിച്ചവർക്കും ശസ്ത്രക്രിയയ്ക്കു ശേഷം സാധാരണ ജീവിതത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നവർക്കും ആവശ്യമായ ഫിസിയോ തെറാപ്പി ഉപകരണങ്ങളുടെ പ്രദർശനമാണ് ഫിസിയോ തെറാപ്പി സ്റ്റാളിൽ തയ്യാറാക്കിയിരിക്കുന്നത്. ശരിയായ രീതിയിൽ ഫിസിയോ തെറാപ്പി എങ്ങനെ ചെയ്യാം എന്നതിന്റെ തത്സമ അവതരണവും ഇവിടെയുണ്ട്. വിവിധ ചികിത്സാ വിഭാഗങ്ങളുമായി ബന്ധപ്പെട്ട ഫിസിയോ തെറാപ്പിയെക്കുറിച്ചും ഇവിടെനിന്ന് അറിയാനാകും.

മനുഷ്യ ശരീരത്തിൽ നിന്നും പരിശോധകൾക്കായി സ്വീകരിക്കുന്ന സാമ്പിളുകളാണ് മൈക്രോബയോളജി വിഭാഗം സ്റ്റാളിൽ ആദ്യം പ്രദർശിപ്പിച്ചിരിക്കുന്നത്. ലാബിൽ ശേഖരിക്കുന്ന സാമ്പിളുകളുടെ പരിശോധനാഘട്ടങ്ങളെക്കുറിച്ചും ഇവിടെ വിശദമാക്കുന്നു. ബാക്ടീരിയ ,വൈറസ്, ഫംഗസ് എന്നിവയുടെ വളർച്ചയും മൈക്രോസ്കോപ്പിക് കാഴ്ചയും മോഡലുകളുമുണ്ട്. ഡി.എൻ.എ വിശദീകരണത്തിനായി ഒരുക്കിയിരിക്കുന്ന ജെൽ ഡോക് ഉപകരണത്തിന്റെ മിനിയേച്ചർ കാണാൻ നിരവധി പേർ എത്തുന്നുണ്ട്.

മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി വിഭാഗത്തിൽ വിവിധ രോഗനിർണയ ഉപകരണങ്ങൾ കാണാം. എക്സ് റേ,സി.ടി, ഒ.പി.ജി മെഷീൻ (ഡെൻറൽ റേഡിയോഗ്രാഫി),മാമോഗ്രഫി മെഷീൻ എന്നിവയുടെ മിനിയേച്ചർ രൂപങ്ങളുമുണ്ട്. കാൻസർ സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഓങ്കോളജിസ്റ്റിന്റെ സേവനവും സ്റ്റാളിൽ ലഭ്യമാണ്.

ബയോകെമിസ്ട്രി വിഭാഗത്തിൽ ഡയഗ്നോസിസ് ആൻഡ് ഡയറ്റ് എന്ന ആശയത്തിലാണ് സ്റ്റാൾ ഒരുക്കിയിരിക്കുന്നത്. വാക്സിൻ എടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിലുള്ള ആശങ്കകൾ പരിഹരിക്കുന്നതിനും ക്രമീകരണമുണ്ട്.

സി.പി.ആർ നൽകുന്നതിനെ സംബന്ധിച്ച വിശദമായ ഡെമോ, മരുന്ന് നിർമ്മാണം മുതൽ കഴിക്കേണ്ട വിധം വരെ, മനുഷ്യ ശരീരത്തിലെ അവയവങ്ങൾ, മെഡിക്കൽ ഐസിയു തുടങ്ങിവയും കാഴ്ച്ചകളും അറിവുകളുമായി ഇവിടെയുണ്ട്.

രാവിലെ 10 മുതൽ വൈകുന്നേരം നാലു വരെയാണ് പ്രദർശനം.പ്രവേശനം സൗജന്യമാണ്. പ്രദർശനം 19 ന് അവസാനിക്കും.

**ഫോട്ടോ ക്യാപ്ഷൻ**: മഹാത്മാ ഗാന്ധി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവൽ യുനോയ 2023നോടനുബന്ധിച്ച് കോട്ടയം ബസേലിയോസ് കോളജിൽ നടക്കുന്ന മെഡിക്കൽ എക്സിബിഷനിൽനിന്ന്.

(പി.ആർ.ഒ./39/ 64/2023)

## പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ - ബി.എ, ബി.കോം (സി.ബി.സി.എസ്. - 2021 അഡ്മിഷൻ) പരീക്ഷകൾക്ക് ജനുവരി 20 മുതൽ 27 വരെ അപേക്ഷ നൽകാം.

പിഴയോടു കൂടി ജനുവരി 28 നും സൂപ്പർ ഫൈനോടെ ജനുവരി 30 വരെയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 65/2023)

## പ്രൈവറ്റ് പഠനത്തിലേക്ക് മാറാൻ അവസരം

ബി.എ - ഇംഗ്ലീഷ്, മലയാളം, ഹിന്ദി, അറബിക്, സംസ്കൃതം എന്നീ കോഴ്സുകൾ ചെയ്യുന്ന റഗുലർ കോളേജ് വിദ്യാർഥികൾക്കും അവരുടെ സ്കീം പ്രൈവറ്റ് രജിസ്ട്രേഷനിലേക്ക് മാറ്റാം.

യു.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ 2022-23 വിജ്ഞാപനത്തിലെ യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്റർ വിദ്യാർത്ഥികൾക്ക് ഈ അവസരം പ്രയോജനപ്പെടുത്താം.

(പി.ആർ.ഒ./39/ 66/2023)

## പ്രാക്ടിക്കൽ

ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്ററുകൾ ബി.വോക് സസ്റ്റൈയിനബിൾ അഗ്രികൾച്ചർ (2016,2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്, പഴയ സ്കീം -

ഓഗസ്റ്റ് 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 20 മുതൽ പാലാ, സെൻറ് തോമസ് കോളജിൽ നടത്തും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................

നാലാം സെമസ്റ്റർ ബി.വോക് ഡി.റ്റി.പി ആൻറ് പ്രിൻറിംഗ് ടെക്നോളജി (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2018 അഡ്മിഷൻ സപ്ലിമെൻററി - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ ജനുവരി 20 ന് നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....................

രണ്ടാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്,സപ്ലിമെൻററി, 2019 അഡ്മിഷൻ സപ്ലിമെൻററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 23 മുതൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....................

രണ്ടാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് മോഡൽ 2 കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ സോഫ്റ്റ്വെയർ ലാബ് 2 യൂസിംഗ് സി++ പ്രാക്ടിക്കൽ പരീക്ഷയും ബി.എസ്.സി ഫിസിക്സ് മോഡൽ 2 കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ ഇൻട്രൊഡക്ഷൻ ടു കമ്പ്യൂട്ടേഴ്സ് ആൻറ് എ.എൻഎസ്.ഐ സി പ്രോഗ്രാമിംഗ് പ്രാക്ടിക്കൽ പരീക്ഷയും ജനുവരി 23ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..........

മൂന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യുക്കേഷൻ - ലേണിംഗ് ഡിസ്സെബിലിറ്റി ആൻറ് ഇന്റലക്ച്വൽ ഡിസ്സെബിലിറ്റി (ക്രെഡിറ്റ് ആൻറ് സെമസ്റ്റർ - 2021 അഡ്മിഷൻ റഗുലർ, സപ്ലിമെൻററി - ജനുവരി 2023) പരീക്ഷയുടെ പ്രായോഗിക പരീക്ഷ ജനുവരി 30 മുതൽ ഫെബ്രുവരി ആറു വരെ വിവിധ കേന്ദ്രങ്ങളിൽ നടത്തും.

(പി.ആർ.ഒ./39/ 67/2023)

## തടഞ്ഞു വച്ച പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

എം.എസ്.സി - അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, ബോട്ടണി, കെമിസ്ട്രി, ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി പ്രോഗ്രാമുകളുടെ 2022 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ (2016,2017,2018 അഡ്മിഷനുകൾ സപ്ലിമെന്ററി, 2012,2013,2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് - നവംബർ 2021) പരീക്ഷയുടെ തടഞ്ഞു വച്ചിരുന്ന ഫലം പ്രസിദ്ധീരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ജനുവരി 25 നകം ഡെപ്യൂട്ടി രജിസ്ട്രാർ 7 (പരീക്ഷ)യ്ക്ക് അപേക്ഷ നൽകാം.

(പി.ആർ.ഒ./39/ 68/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ്, പി.ജി.സി.എസ്.എസ് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി-ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ഒന്നു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

...................................

നാലാം സെമസ്റ്റർ എം.എസ്.സി ബയോ നാനോടെക്നോളജി പി.ജി.സി.എസ്.എസ് (2020 അഡ്മിഷൻ റഗുലർ-ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 27 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

.............................

നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി, സി.എസ്.എസ് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി-ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ഒന്നു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

.........................

നടന്ന നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും, 2018,2017 അഡ്മിഷനുകൾ സപ്ലിമെൻററി 2022 ഓഗസ്റ്റ്) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ജനുവരി 31 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/ 69/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**